## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2561. 09-05-2017 ൽ മറുപടിയ്ക്ക്

## ആത്മാ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിലെ ആത്മാ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നത്; | (എ) | 2016-2017 സാമ്പത്തിക വർഷത്തിൽ ആത്മ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഒന്നാം ഗഡുവായി 503.74 ലക്ഷം രൂപയും രണ്ടാം ഗഡുവായി 677.44 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ബി) | ആത്മ പദ്ധതി കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിൽ നടത്തിവരുന്ന പദ്ധതിയാണ്. ഇതിൽ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) യുടെ അംഗീകാരം ലഭിച്ച എസ്.ഇ.ഡബ്ല്യു.പി. (സ്റ്റേറ്റ് എക്സ്റ്റൻഷൻ വർക്ക് പ്ലാൻ) പ്രകാരമുള്ള ചുവടെ വിവരിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗിക്കുന്നു.<br>**<u>സമേതി മുഖേന നടപ്പിലാക്കാവുന്നത്</u>**<br>ഉദ്യോഗസ്ഥർക്കായിട്ടുള്ള വിവിധ പരിശീലനങ്ങൾ, പഠന യാത്രകൾ, സംസ്ഥാനതല മേളകൾ, നല്ല ആത്മ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ജില്ലയ്ക്കുള്ള അവാർഡ്, സംസ്ഥാന - ജില്ലാതലത്തിൽ കർഷകർക്കുള്ള അവാർഡുകൾ, കർഷകരുടെ വിജയഗാഥകളുടെ ഡോക്യുമെന്റേഷൻ കൂടാതെ സമേതിയുടെ പ്രവർത്തന ചെലവുകൾ, ഉദ്യോഗസ്ഥർക്കുള്ള ശമ്പളം എന്നിവയും ആത്മ ഫണ്ടിൽ നിന്നാണ് ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **ജില്ലാതലത്തിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ**<br>a) കർഷകർക്കുള്ള പരിശീലന പരിപാടി (സംസ്ഥാനത്തിന് പുറത്ത്, സംസ്ഥാനത്തിനകത്ത്, ജില്ലയ്ക്കകത്ത്)<br>b) പ്രദർശനത്തോട്ടങ്ങൾ (കൃഷി അനുബന്ധ മേഖലകൾ)<br>c) കർഷകർക്കായിട്ടുള്ള പഠനയാത്രകൾ - (സംസ്ഥാനത്തിന് പുറത്ത്, സംസ്ഥാനത്തിനകത്ത്, ജില്ലയ്ക്കകത്ത്)<br>d) കർഷക ഗ്രൂപ്പുകളുടെ ശാക്തീകരണം.<br>e) കർഷക ഗ്രൂപ്പുകൾക്കുള്ള അവാർഡുകൾ.<br>f) കർഷക അവാർഡുകൾ.<br>g) ജില്ലാതല എക്സിബിഷൻ, മേളകൾ.<br>h) ചെലവ് കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ, ലീഫ് ലെറ്റ്സ് എന്നിവയിലൂടെ കാർഷിക വിജ്ഞാന വിനിമയം.<br>i) കർഷകരും ശാസ്ത്രജ്ഞരുമായുള്ള സംവാദം.<br>j) കിസാൻ ഗോഷ്ഠി.<br>k) ഫാം സ്കൂൾ.<br>l) കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ.<br>m) സംസ്ഥാന/ജില്ലാതലത്തിലുള്ള നൂതന പ്രവർത്തനങ്ങൾ (ഇന്റർ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി).<br>മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമേ ജില്ലാതലത്തിലുള്ള ആത്മയുടെ സ്ഥിരം, താത്കാലിക ജീവനക്കാർക്കുള്ള ശമ്പളവും, മറ്റ് അനുബന്ധ ചെലവുകളും ആത്മ ഫണ്ടിൽ നിന്നുമാണ് വഹിയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ